# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.852 09.08.2017-ലെ മറുപടി

### ജലവിഭവ വകുപ്പിലെ പെൻഷൻ പരിഷ്കരണം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.അനൂപ് ജേക്കബ് :** | | **മാത്യു ടി. തോമസ്**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** |
| (എ) ജലവിഭവ വകുപ്പിൽ പെൻഷൻ പരിഷ്കരണ നടപടികൾ ഏത് ഘട്ടത്തിൽ വരെ ആയി എന്ന് വ്യക്തമാക്കുമോ;<br>(ബി) ഇതുമായി ബന്ധപ്പെട്ട് ഉത്തരവുകൾ എന്തെങ്കിലും ഇറങ്ങിയിട്ടുണ്ടോ; | എ & ബി | 14.03.2017ലെ സ.ഉ (അച്ചടി) 36/2017/ധന നം. സർക്കാർ ഉത്തരവ് പ്രകാരം കേരള വാട്ടർ അതോറിറ്റിയിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷൻ 01.07.2014 മുതൽ പ്രാബല്യം നൽകി കൊണ്ട് പരിഷ്കരിച്ചിട്ടുണ്ട്. |
| (സി) ഉണ്ടെങ്കിൽ ആയത് എന്നത്തേയ്ക്ക് നടപ്പിലാക്കുമെന്ന് വ്യക്തമാക്കുമോ? | സി | മേൽ പ്രസ്താവിച്ച സർക്കാർ ഉത്തരവ് നടപ്പിലാക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിയിൽ 04.04.2017 ലെ കെ.ഡബ്ല്യു.എ/ജെ.ഒ1/ഇ1-7878/2017 നമ്പർ ഉത്തരവ് പ്രകാരം രണ്ട് പെൻഷൻ റിവിഷൻ സെല്ലുകൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സെല്ലുകളുടെ മേൽനോട്ടത്തിൽ പി.പി.ഒ നം 1 മുതൽ 4500 വരെയുള്ളവരുടെ പെൻഷൻ പരിഷ്കരണ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. അവശേഷിക്കുന്ന 3500 പെൻഷൻകാരുടെ പെൻഷൻ പരിഷ്കരണ നടപടികൾ 30.09.2017-ൽ പൂർത്തിയാക്കാവുന്ന രീതിയിൽ പുരോഗമിച്ച് വരുന്നു. പുതുക്കിയ നിരക്കിലുള്ള പെൻഷൻ എത്രയും വേഗം വിതരണം ചെയ്യുന്നതിനുള്ള നടപടികളും കേരള ജല അതോറിറ്റി സ്വീകരിച്ചു വരുന്നു. |

Renuka Sankar
സെക്ഷൻ ഓഫീസർ